**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1802** **02-02-2024 - ൽ മറുപടിയ്ക്ക്**

**സർവകലാശാലകളിൽ സ്ഥിരം വൈസ് ചാൻസലർമാർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ് | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ എത്ര സർവകലാശാലകളിൽ നിലവിൽ സ്ഥിരം വൈസ് ചാൻസലർ(വി.സി.)മാർ ഇല്ലെന്നും ഏത് തീയതി മുതലാണ് പ്രസ്തുത പദവിയിൽ ഒഴിവ് വന്നതെന്നും അറിയിക്കുമോ; വിശദാംശം നൽകുമോ; | (എ) | കേരള, എം.ജി., കണ്ണൂർ, നുവാൽസ്, തുഞ്ചത്തെഴുത്തച്ഛൻ മലയാള, കുസാറ്റ്, എ.പി.ജെ. അബ്ദുൾകലാം സാങ്കേതികശാസ്ത്ര -സർവകലാശാലകളിൽ നിലവിൽ സ്ഥിരം വൈസ് ചാൻസലർമാർ ഇല്ല.<br><br>കേരള സർവകലാശാലയുടെ വൈസ് ചാൻസലർ പദവിയിൽ 25.10.2022 മുതൽ ഒഴിവു വന്നിട്ടുണ്ട്. നിലവിൽ കേരള ആരോഗ്യ സർവകലാശാല വൈസ് ചാൻസലർ പ്രൊഫ.(ഡോ.) മോഹനൻ കുന്നുമ്മൽ കേരള സർവകലാശാലയുടെ വൈസ് ചാൻസലർ പദവി കൂടി നിർവ്വഹിക്കുന്നു.<br><br>മഹാത്മാഗാന്ധി സർവ്വകലാശാലയിൽ 28.05.2023 മുതൽ വൈസ് ചാൻസലറുടെ ഒഴിവ് വന്നിട്ടുണ്ട്. 05.06.2023 മുതൽ പ്രൊഫ. ഡോ. സി. റ്റി. അരവിന്ദകുമാർ വൈസ് ചാൻസിലറുടെ ചുമതല നിർവ്വഹിക്കുന്നു.<br><br>കണ്ണൂർ സർവ്വകലാശാലയിൽ 01.12.2023 മുതൽ വൈസ് ചാൻസലറുടെ ഒഴിവ് വന്നിട്ടുണ്ട്.<br><br>കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിൽ 24.04.2023 മുതൽ വൈസ് ചാൻസലറുടെ ഒഴിവ് വന്നിട്ടുണ്ട്. പ്രസ്തുത തീയതി മുതൽ സർവകലാശാലയിലെ പ്രോ-വൈസ് ചാൻസലറായിരുന്ന ഡോ.പി.ജി. ശങ്കരൻ വൈസ് ചാൻസിലറുടെ ചുമതല വഹിച്ചുവരുന്നു.<br><br>നുവാൽസിൽ 24-01-2023 മുതൽ വൈസ് ചാൻസലറുടെ ഒഴിവ് വന്നിട്ടുണ്ട്. 24-01-2023 മുതൽ ജസ്റ്റിസ് (റിട്ട.) സിരിജഗൻ എസ്. ആക്ടിങ് വൈസ് ചാൻസിലർ ആയി തുടരുന്നു. |

| | | | |
|---|---|---|---|
| | | | തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവകലാശാലയിൽ 01.03.2023 മുതൽ സ്ഥിരം വൈസ് ചാൻസലർ ഇല്ല. 07.06.2023 മുതൽ ഡോ. സുഷമ എൽ. വൈസ് ചാൻസലറുടെ ചാർജ്ജ് വഹിച്ചുവരുന്നു.<br><br>എ.പി.ജെ. അബ്ദുൾകലാം സാങ്കേതികശാസ്ത്ര സർവകലാശാലയിൽ 21.10.2022 മുതൽ വൈസ് ചാൻസലറുടെ ഒഴിവ് വന്നിട്ടുണ്ട്. ഡിജിറ്റൽ സർവകലാശാല വൈസ് ചാൻസലർ പ്രൊഫ. സജി ഗോപിനാഥ് വൈസ് ചാൻസലറുടെ ചുമതല വഹിക്കുന്നു. |
| (ബി) | സ്ഥിരം വൈസ്ചാൻസലർമാരുടെ അഭാവം സർവ്വകലാശാലകളുടെ അക്കാദമികവും ഭരണപരവുമായ നടപടികളെ ദോഷകരമായി ബാധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ സ്ഥിരം വി.സി.മാരെ നിയമിക്കുന്നതിനായി അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ബി) | സ്ഥിരം വൈസ് ചാൻസലർമാരുടെ അഭാവം സർവകലാശാലകളുടെ അക്കാദമികവും ഭരണപരവുമായ നടപടികളെ ദോഷകരമായി ബാധിക്കാതിരിക്കാൻ ശ്രദ്ധിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ